അതുകൊണ്ട് ആ സംപ്രദായം മാറ്റി രൂപ, അണ, പൈസ എന്നുള്ള ടിക്കറ്റ് സംപ്രദായം വയ്ക്കാം. എങ്കിൽ 90 ശതമാനത്തോളം കൃത്രിമങ്ങൾ കുറയ്ക്കാൻ സാധിക്കും. എങ്കിൽത്തന്നെയും കൃത്രിമം കാണിച്ചുകൂടെന്നില്ല. അത് പരിശോധിച്ചു ചെയ്യാം.

ട്രാൻസ്പോർട്ട് ബസ്സുകൾ

*242 [874] ശ്രീ. പി. കെ. കുഞ്ഞച്ചൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, സി. ബി. ചന്ദ്രശേഖര വാര്യർ:
,, എസ്. ദാമോദരൻ:
,, കെ. കെ. കുമാരപിള്ള:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഈ സാമ്പത്തിക വർഷത്തിൽ എത്ര പുതിയ ബസ്സുകൾ വാങ്ങി;

(ബി) അവ ഏതെല്ലാം ട്രാൻസ്പോർട്ട് ഡിസ്ട്രിക്ടുകളിലേക്ക് അലോട്ടു ചെയ്തു;

(സി) സംസ്ഥാനത്തെ ഓരോ ജില്ലയിലും മൊത്തം എത്ര ട്രാൻസ്പോർട്ടു ബസ്സുകൾ വീതം ഓടുന്നുണ്ട്;

(ഡി) ആലപ്പുഴ എറണാകുളം റൂട്ടിൽ മാത്രമായി എത്ര ബസ്സുകൾ ഓടുന്നുണ്ട്;

(ഇ) യാത്രക്കാരുടെ അസൗകര്യങ്ങളെ കണക്കിലെടുത്തും, വ്യവസായ സ്ഥാപനങ്ങൾ, ഗവൺമെൻറാഫീസുകൾ എന്നിവയുടെ പ്രവർത്തനത്തെ പരിഗണിച്ചും ആലപ്പുഴ ടൗൺ സർവീസ് കലവൂർവരെ വ്യാപിപ്പിക്കുകയോ, ആലപ്പുഴ കലവൂർ റൂട്ടിൽ കൂടുതൽ ബസ്സുകൾ ഇടുകയോ ചെയ്യുമോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ):

(എ) 96 ചേസ്സിസുകൾ വാങ്ങി. അതിൽ 63 എണ്ണത്തിന് ഇതുവരെ ബോഡി പണിതു.

(ബി) ബോഡി പണിത 63 ബസ്സുകൾ താഴെ പറയുന്ന ക്രമപ്രകാരം ട്രാൻസ്പോർട്ടു ഡിസ്ട്രിക്ട്/സബ് ഡിസ്ട്രിക്ടുകളിലേക്ക് അലോട്ടു ചെയ്തുകഴിഞ്ഞു.

തിരുവനന്തപുരം സെൻട്രൽ	..	9
കൊല്ലം	..	1
ആലപ്പുഴ	..	4
ചെങ്ങന്നൂർ	..	4
കോട്ടയം	..	19
എറണാകുളം	..	7
ആലുവാ	..	1
തൃശ്ശൂർ	..	6
പാലക്കാട്	..	1
കോഴിക്കോട്	..	6
കണ്ണൂർ	..	5
		63

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ ജില്ലകളിൽ ഓടുന്ന ട്രാൻസ്പോർട്ടു ബസ്സുകളുടെ കണക്ക് താഴെ പറയും പ്രകാരമാണ്.

തിരുവനന്തപുരം ജില്ല

തിരുവനന്തപുരം സിറ്റി	..	165
തിരുവനന്തപുരം സെൻട്രൽ	..	128
നെയ്യാറ്റിൻകര	..	48
നെടുമങ്ങാട്	..	38
ആറ്റിങ്ങൽ	..	14
		393

കൊല്ലം ജില്ല

കൊല്ലം	67
കായംകുളം	33
കൊട്ടാരക്കര	41
പുനലൂർ	15
	156

ആലപ്പുഴജില്ല

ആലപ്പുഴ	79
ചെങ്ങന്നൂർ	37
തിരുവല്ല	11
	127

കോട്ടയംജില്ല

കോട്ടയം	109
ചങ്ങനാശ്ശേരി	22
	131

എറണാകുളംജില്ല

എറണാകുളം	...	93
ആലുവാ	...	66
		159

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർജില്ല

തൃശ്ശൂർ		59
	മലപ്പുറംജില്ല	
പെരിന്തൽമണ്ണ		10
	കോഴിക്കോട്ജില്ല	
കോഴിക്കോട്		59
	പാലക്കാട് ജില്ല	
പാലക്കാട്	..	31
പൊന്നാനി	..	9
		40

കണ്ണൂർജില്ല

കണ്ണൂർ	..	40

(ഡി) 18 ബസ്സുകൾ

(ഇ) തൽക്കാലം പരിപാടിയില്ല.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: സർ, ഇത് പുതുതായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: വർദ്ധിപ്പിക്കുവാനായിട്ട് എല്ലാ മാസവും ചേസ്സിസുകൾ വാങ്ങുന്നുണ്ട്, ബോഡി ബിൽഡ് ചെയ്തു തയാറാക്കുന്നതോടെ അവ തിടുക്കമുള്ള സ്ഥലങ്ങളിൽ കൊടുത്തുകൊണ്ടിരിക്കും.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ആലപ്പുഴയിലെ റോഡുകൾ എല്ലാം ലവൽറൂട്ടുകളാണെന്ന പഴി പറഞ്ഞുകൊണ്ട് ഏറ്റവും പഴക്കം ചെന്ന ബസ്സ്മാത്രം ഇടുകയും ഓടുന്ന ഷെഡ്യൂളിൽ 50 ശതമാനത്തോളം ബ്രേക്ക്ഡൌൺ ആകുകയും ചെയ്യുന്നതുകൊണ്ട് പല അവസരങ്ങളിലും ആ റൂട്ടിൽ യാത്ര ചെയ്യുന്നവർക്ക് യാത്രതുടരാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. ആ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സമനിരപ്പായിട്ടുള്ള റോഡുകൾ ആണെന്ന കാരണത്താൽ പഴയ ബസ്സുകൾ കൊടുക്കുന്ന സംപ്രദായം ഇല്ല. പഴയ ബസ്സുകൾ നമ്മുടെ കൈവശമുണ്ട്, അത് ആലപ്പുഴ മാത്രമല്ല, മറ്റുപല സ്ഥലങ്ങളിലും കൊടുക്കുന്നുണ്ട്. പുതുതായി വരുന്ന ബസ്സുകൾ ഫാസ്റ്റുപാസഞ്ചറായിട്ടാണ് ഉപയോഗിക്കുന്നത്, അതു പഴകുമ്പോഴാണ് ഷട്ടിൽ സർവ്വീസായിട്ട് ഇടുന്നത്. ആലപ്പുഴമാത്രമല്ല പൊന്നാനിയിലും ആ പഴയ ബസ്സുകൾ ആണ് ഇടുന്നത്.

ശ്രീ. എസ്. ദാമോദരൻ: ആലപ്പുഴയിൽനിന്നും വിവിധഭാഗങ്ങളിലേക്കുള്ള സർവ്വീസുകൾ കൃത്യമായി നടക്കാത്തതുകൊണ്ട് യാത്രക്കാർ വളരെയധികം ക്ലേശം സഹിക്കേണ്ടിവരുന്നതുകൊണ്ട് കൂടുതൽ സർവ്വീസ് ഇടുന്നതിനോ ഉള്ളവ കാര്യക്ഷമമാക്കുന്നതിനോ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സർ, വേണ്ട നടപടി സ്വീകരിച്ചുവരികയാണ്. മെക്കാനിക്കൽ സൈഡ് പോഷിപ്പിച്ചുകൊണ്ടു വരികയാണ്. ഓവറാളിനു വേറൊരു സെക്ഷൻ സംഘടിപ്പിച്ച് നന്നാക്കാൻ നോക്കുന്നുണ്ട്. ഈ കാര്യങ്ങൾ തൃപ്തികരമായ വിധത്തിൽ നടത്താൻ സാധിക്കുമെന്നാണ് വിശ്വാസം.

ശ്രീ. കെ. കെ. അബു: സർ, ഇവിടെ പറഞ്ഞ കണക്കുകൾ കേട്ടതിൽ മലബാറിൽ കുറവാണ്. കോഴിക്കോട്, പാലക്കാട്, കണ്ണൂർ ഈ ഭാഗങ്ങളിൽ സിറ്റി സർവ്വീസുപോലുമില്ലാത്തതിനെ പരിഗണിച്ച് കൂടുതൽ ബസ്സ് ഇടുന്ന കാര്യത്തിൽ ശ്രദ്ധിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അങ്ങനെ പറയുവാൻ നിവർത്തിയില്ല. കേരളത്തിലെ റോഡുകൾ ഇൻഡ്യയിലെ മറേതൊരു പ്രദേശത്തെക്കാളും കൂടുതൽ വിപുലപ്പെട്ടുവരികയാണ്. പഞ്ചായത്തുറോഡുകൾ മെയിൻ റോഡുകളുമായി യോജിക്കുകയും, എല്ലാ ഭാഗങ്ങളിലും ഹൈസ്ക്കൂളുകളും കോളേജുകളുമൊക്കെ വരുന്നതുകൊണ്ടും കൂടുതൽ ബസ്സ് ആവശ്യമായിട്ടുണ്ട്. അത്രത്തോളം ആവശ്യം എല്ലാ ഭാഗത്തും ഉണ്ടായിരിക്കെ മലബാറിനുമാത്രം കൂടുതൽ ബസ്സുകൾ വിട്ടുകൊടുക്കുവാൻ സാധ്യമല്ല.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂർ ഡിസ്ട്രിക്ടിലേക്ക് ആറു ബസ്സുകൾ കൊടുത്തുവെന്നു പറഞ്ഞു. പൊന്നാനി മലപ്പുറത്തായതുകൊണ്ട് തൃശ്ശൂരിന് രണ്ടു ബസ്സുകൾ മാത്രമെയുള്ളുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സർ, ഇത്ര ബസ്സ് തൃശ്ശൂരിനും ഇത്ര ബസ്സ് പൊന്നാനിക്കും എന്നു വ്യത്യസ്തമായിട്ടുതന്നെയാണ് വായിച്ചത്. കൃത്യമായ കണക്കുതന്നെയാണ് വായിച്ചത്.

ശ്രീ. കെ. എം. ജോർജ്ജ്: സർ, കോട്ടയത്തുനിന്ന് വടക്കൻഭാഗങ്ങളിലേക്കും എറണാകുളത്തുനിന്ന് കിഴക്കൻ ഭാഗങ്ങളിലേക്കും ഉള്ള ബസ്സുകൾ ശ്രീ. സി. ബി. സി. വാര്യർ പറഞ്ഞതുപോലെ ബ്രേക്ഡൌൺ ആകുകയും മറ്റും ചെയ്യുന്നതുകൊണ്ട് എറണാകുളം, തൊടുപുഴ, മൂവാറ്റുപുഴ മുതലായ സ്ഥലങ്ങളിൽ വളരെനേരം ആളുകൾ ബസ്സു കാത്തു നിൽക്കേണ്ടി വരുന്നു. അങ്ങനെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനെ പരിഗണിച്ച് ആ സ്ഥലങ്ങളിൽ കൂടുതൽ ബസ്സ് സർവീസുകൾ ആരംഭിക്കുവാൻ തയാറാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ബഹുമാനപ്പെട്ട ജോർജ്ജ് പറഞ്ഞത് വളരെ ശരിയാണ്. എന്താണെന്നറിയാമോ നമ്മുടെ രാജ്യത്ത് ആളുകൾക്ക് സ്റേറററു ട്രാൻസ്പോർട്ടു ബസ്സുകളോട് വളരെ സ്നേഹമാണ്. പ്രൈവറ്റു ബസ്സുകൾക്ക് ആയിരക്കണക്കിന് പെർമിറ്റ് കൊടുത്തിട്ടുള്ളതാണ്, പ്രൈവറ്റു ബസ്സുകൾ ആവശ്യത്തിനുണ്ടെങ്കിലും ട്രാൻസ്പോർട്ടു ബസ്സിനു നിരന്തരം അപേക്ഷകൾ കിട്ടിക്കൊണ്ടിരിക്കുകയാണ്. വെഹിക്കിൾ പൊസിഷൻ ബെറ്റർമെന്റായാൽ മെമ്പറുടെ ആഗ്രഹം പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, എറണാകുളത്തിനു കിഴക്കും മൂവാറ്റുപുഴയിലും, ആലപ്പുഴയിലും ഉള്ള ബസ്സുകൾ കാത്ത് മണിക്കൂറോളം നിൽക്കേണ്ട ഗതികേടാണ് ഇന്നുള്ളത്. ആ ഭാഗങ്ങൾ പൂർണ്ണമായി നാഷണലൈസ് ചെയ്ത റൂട്ടുകളാണ്. അവിടെ പ്രൈവറ്റു ബസ്സുകൾ ഇല്ല. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് എറണാകുളം ആഫീ

സിൽപോയി ഈ സ്ഥിതി മനസ്സിലാക്കണം. അവിടെനിന്നും പല പരാതികളും ഉണ്ട്. കൂടുതൽ ബസ്സുകൾ ഇടുന്ന കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എറണാകുളം ആലുവാ റൂട്ടിൽ ഇത്രയും മധികം തിരക്ക് വരാനുള്ള കാരണം ഇൻഡസ്ട്രീസും അവിടെയാണ് സ്ഥാപിച്ചിട്ടുള്ളത്; ഇൻഡസ്ട്രീസ് അവിടെ സ്ഥാപിക്കേണ്ടതില്ലെന്നല്ല ഞാൻ പറഞ്ഞത്, അതുകൊണ്ടു ധാരാളം ആളുകൾക്ക് യാത്രചെയ്യേണ്ടതുണ്ട്; ആ സംഗതികൾ ഉള്ളതുകൊണ്ട് ബസ്സ് കൂടുതൽ ഇടണമെന്ന് മനസ്സിലാകുന്നുണ്ട്.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി: മലപ്പുറം ജില്ലയുടെ കണക്കു വായിച്ചപ്പോൾ ഒമ്പതു റൂട്ടുകൾ മാത്രമെയുള്ളൂ. ജില്ലാ തലസ്ഥാനമായതുകൊണ്ട് തലസ്ഥാനത്തേക്ക് പോകുവാൻ വളരെയേറെ ആവശ്യങ്ങൾ ഉണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിതന്നെ കൂടുതൽ ബസ്സുകൾ തരാമെന്നു പറഞ്ഞിട്ടുള്ളതുമാകുന്നു. അതുകൊണ്ടു കൂടുതൽ ബസ്സുകൾ ഇടുന്ന കാര്യത്തിൽ ശ്രദ്ധിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ആ കാര്യം ആലോചിക്കുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: 96 ചേസ്സിസു വാങ്ങിച്ചിട്ടുള്ളത് ഏതു തരത്തിലാണ്, എവിടെനിന്നു വാങ്ങി, അതു വാങ്ങുന്നതിന് ആരുടെയെങ്കിലും വിദഗ്ദ്ധമായ ഉപദേശം കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇപ്പോൾ നേരിട്ടു വാങ്ങുവാൻ സാധിക്കുകയില്ല. ഇപ്പോൾ വാങ്ങിക്കുന്നത് ബെൻസും ലെയ്ലൻറും ആണ്. വേറെയും ചില നല്ല വണ്ടികൾ ഉണ്ട്. നമ്മുടെ സ്റേററിൽ ഈ മന്ത്രിസഭ വന്നതിനുശേഷം ഒരൊറ ബസ്സുപോലും ഈ രണ്ടു കമ്പനികളിൽ നിന്നല്ലാതെ വാങ്ങിച്ചിട്ടില്ല. മുമ്പുണ്ടായിരുന്നതു മുഴുവൻ ഡിസ്പോസു ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ടി. ജേക്കബ്: ദേവികുളം, പീരുമേട്, ഉടുമ്പൻചോല മുതലായ സ്ഥലങ്ങളിൽ ബസ്സിടരുതെന്നു വല്ല നിർബന്ധവുമുണ്ടോ, ഈ പ്രദേശങ്ങൾക്കു വിശേഷം വല്ലതുമുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അങ്ങനെയൊന്നുമില്ല. ബസ്സിടണമെന്നു താൽപര്യമുണ്ട്. അടത്തുതന്നെ ബസ്സിടുന്നതാണ്.

ശ്രീ. എം. എം. തോമസ്: ഉടുമ്പൻചോല, തൊടുപുഴ മുതലായ സ്ഥലങ്ങളിൽകൂടി കൂടുതൽ ഫാസ്റ് പാസഞ്ചർ ബസ്സുകൾ എറണാകുളത്തേക്ക് ഇടുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇത് ഗവൺമെൻറിന്റെ ആലോചനയിലുള്ള കാര്യമാണ്.

ശ്രീ. കെ. കരുണാകരൻ: ട്രാൻസ്പോർട്ടു കോർപ്പറേഷൻ ബസ്സുകൾ വാങ്ങുന്നത് കമ്പനിയിൽനിന്നു നേരിട്ടാണോ ഏജൻസികൾ മുഖേനയാണോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: നേരിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്, എന്നാൽ അതു സാധിച്ചിട്ടില്ല. ലെയ്ലൻഡ് കമ്പനിയിൽനിന്നും ബെൻസ് കമ്പനിയിൽനിന്നുമാണ് ബസ്സ് വാങ്ങുന്നത്. ഇപ്പോൾ ഏജൻസി മുഖേനയാണ് വാങ്ങുന്നത്. കുളത്തുങ്കൽ സൺസ് ആണ്

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസി. സ്റ്റേറ്റിനു് ഏജൻസിയില്ലാതെ നേരിട്ടു തരണമെന്നാവശ്യപ്പെട്ടിട്ടുണ്ടു്. അവരുമായി സംസാരിക്കുകയും വീണ്ടും എഴുതുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പി. ഗംഗാധരൻ: നാഷണലൈസു് ചെയ്ത ദീർഘമായ റൂട്ടുകളിൽ രണ്ടു കൊല്ലത്തിനിടക്കു് ബസ്സു് കാര്യമായ തോതിൽ ഇട്ടിട്ടില്ല എന്നു പരാതി ഉണ്ടു്. ഉദാഹരണത്തിനു്, ആലപ്പുഴ-എറണാകുളം റൂട്ടിൽ ആളുകളും വളരെയേറെ കാത്തുനിൽക്കേണ്ടിവരുന്നുണ്ടു്. പ്രമുഖ പട്ടണങ്ങളായതുകൊണ്ടും ആറേഴു കോളേജുകളുള്ളതുകൊണ്ടും യാത്രക്കാർ ധാരാളം വർദ്ധിച്ചിട്ടുണ്ടു്. ഒരു ബസ്സോ മറ്റോ ഇട്ടിട്ടുണ്ടെന്നു പറയുന്നു. അതുപോരാ. നാഷണലൈസു് ചെയ്ത ദീർഘമായ റൂട്ടുകളിൽ കൂടുതൽ ബസ്സിടാൻ ദയവുണ്ടാകുമോ?

ഡെപ്യൂട്ടി സ്പീക്കർ: ഇതിനു് ഉത്തരം പറഞ്ഞതാണു്.

ശ്രീ. എൻ. കണപതി: സർ, പുതിയ സേസസ് വന്തുള്ളതിൽ മുൻപു പതിലളിത്തപടി ഇൻടർ സ്ടേട് പസ്കൾ വിടവും, നോടിപികേഷൻ ചെയ്തുള്ള പടി മൂണ്ടർ-ഉടുമലൈപ്പേട്ടൈ രൂട്ടും അത്തുടൻ മുക്കിയമാക പല വരുടങ്കളാക തിട്ടത്തിലുള്ള നമതു കൊച്ചിൻ എക്സ്പ്രസ് പസ് വിട ഏർപാടു ചെയ്യപ്പടുമാ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇൻറർ സ്റ്റേറ്റു് ബസ്സു് സർവീസു് ആരംഭിക്കുന്നതു സംബന്ധിച്ചു് മദ്രാസു് സ്റ്റേറ്റുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അവരുടെ സമ്മതത്തോടുകൂടിയേ ആരംഭിക്കാൻ പറ്റുകയുള്ളു. ആഫീസേഴ്സു് ലെവലിൽ കൂടിയാലോചനകളും നടക്കുകയാണു്.

ശ്രീ. ബി. മാധവൻ നായർ: ഈ സാമ്പത്തിക വർഷത്തിൽ 90 ബസ്സുകളും വാങ്ങിയിട്ടുണ്ടെന്നു പറഞ്ഞു. ഈ സാമ്പത്തിക വർഷത്തിൽ ഇനി അവശേഷിക്കുന്ന കാലത്തു് എത്ര ബസ്സുകളും വാങ്ങും എന്നാണു് ട്രാൻസ്പോർട്ടു കോർപ്പറേഷൻ തീരുമാനിച്ചിരിക്കുന്നതു്? കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വാങ്ങിച്ചതിനെക്കാളും എണ്ണത്തിൽ കൂടുതൽ ബസ്സുകളാണോ ഈ സാമ്പത്തിക വർഷത്തിൽ വാങ്ങിച്ചിട്ടുള്ളതു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പത്തിരുനൂറു ബസ്സുകളും കൂടി ഉണ്ടായാൽമാത്രമേ ഇപ്പോഴത്തെ ആവശ്യം നിർവഹിക്കാൻ സാധിക്കുകയുള്ളു. അതനുസരിച്ചു് കഴിയുന്നിടത്തോളം വാങ്ങണമെന്നാണു് വിചാരം.

ശ്രീ. ബേബി ജോൺ: എവിടെയൊക്കെയാണു് ബോഡി ബിൽഡു് ചെയ്തിട്ടുള്ളതു്. പി. ഡബ്ളിയു. ഡി. വർക്ഷാപ്പു് എന്ന സ്ഥാപനമുണ്ടല്ലൊ. അവിടെ ബിൽഡുചെയ്തിട്ടുണ്ടോ? എവിടെയൊക്കെ എത്ര വീതമാണു് ബിൽഡുചെയ്തിട്ടുള്ളതു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: വളരെയധികം തവണ ഉത്തരം പറഞ്ഞിട്ടുള്ളതാണു്. കഴിഞ്ഞകൊല്ലം പത്തറുപതു ചേസ്സിസു് ഉണ്ടായിരുന്നു. ശബരിമലയ്ക്കു പോകുന്ന കാലത്താണു് അതു വന്നതു്. ധൃതിപിടിച്ചു് ബോഡി ബിൽഡു് ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നു. അടിയന്തിരമായി വേണ്ടിയിരുന്നതുകൊണ്ടു് ടെണ്ടർ പിടിച്ച ഒരു കമ്പനിക്കു് കൊടുത്തു. 12 ബസ്സുകളും ചാക്ക വർക്ഷോപ്പിൽ കൊടുത്തു. അതു് ആറുമാസം കഴിഞ്ഞാണു് കിട്ടിയതു്. ഇപ്പോൾ മാസം മൂന്നെണ്ണംവീതം കൊടുത്തുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: പത്തനംതിട്ട റൂട്ടിൽ സർവീസ് ആരംഭിക്കാതിരിക്കാൻ കാരണം എന്ത്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഒരു പ്രത്യേക റൂട്ടിന്റെ കാര്യമാണ്. നോക്കിയിട്ട് പറയാം.

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ: ചേർത്തല ടൗണിൽനിന്ന് തുറവൂരേക്കും മറ്റുമായി എൺപതോളം ബസ്സുകൾ ഓടുന്നുണ്ട്. ചേർത്തല കേന്ദ്രമാക്കി ഒരു സബ്ഡിസ്ട്രിക്ട് ആരംഭിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സബ്ഡിസ്ട്രിക്ട് ആക്കാൻ പോകുന്നുണ്ട്.

ശ്രീ. ഇ. അഹമ്മദ്: കാസർകോട്ടുള്ള ആളുകൾക്ക് തെക്കുഭാഗത്തേക്കു വരികയും പോകുകയും ചെയ്യുന്നതിനു ബസ്സില്ല. സൂപ്പർ ഡീലക്സ് വരുന്നുവെന്നു പറഞ്ഞു, വന്നില്ല. കണ്ണൂർ ഡീലക്സ് കാസർകോടു ഭാഗം വരെ നീട്ടുമെന്നു പറഞ്ഞു, അതും ചെയ്തില്ല. ഉടനടി വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: നല്ല ഡീലക്സ് ബസ്സ് ബോഡി ബിൽഡുചെയ്ത് തയ്യാറാക്കി വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെംബർക്ക് അടുത്തുതന്നെ അതിൽ കേറി പോകാൻസാധിക്കും. കാസർകോടുഭാഗത്തെ സർവീസ് വിപുലപ്പെടുത്തണമെന്നാണ് അഭിപ്രായം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ചെങ്ങന്നൂർ ഡിസ്ട്രിക്ടായി ഉയർത്തുമെന്ന് പറയാറുണ്ട്. ഇതുവരെ നടപ്പിലായിട്ടില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ചെയ്യാം.

ശ്രീ. ജി. ഗോപിനാഥൻപിള്ള: ബസ്സ് ധാരാളം ഇല്ലെങ്കിലും ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകൾ സ്റ്റോപ്പുകളിൽ നിറുത്തുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതു പതിവായി പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യമാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: മുന്നൂറും നാനൂറും നാഴിക സഞ്ചരിക്കേണ്ട ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഗാരേജിൽനിന്ന് വേണ്ടത്ര പരിശോധന കൂടാതെ പോകുന്നതിന്റെ ഫലമായി, പ്രത്യേകിച്ചും പരിചയമില്ലാത്ത ഡ്രൈവർമാരായതുകൊണ്ട്, പാതിരാത്രിയിൽ കാട്ടുപ്രദേശത്തു നിന്നുപോകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അങ്ങനെ പൊതുവേ പറഞ്ഞാൽ ശരിയാകുകയില്ല. ചില സ്ഥലങ്ങളിൽ അങ്ങനെ സംഭവിച്ചുപോയിട്ടുള്ളതിനെക്കുറിച്ചു വിവരം കിട്ടിയിട്ടുണ്ട്. അക്കാര്യത്തിൽ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എ. എസ്സ്. പുരുഷോത്തമൻ: ആലുവാ സ്റ്റേഷനിൽ നിന്നു പുറപ്പെടുന്ന ബസ്സുകൾ കൂടുതലും പഴയതാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇപ്പോൾ ഭേദപ്പെട്ടിട്ടുണ്ടെന്നാണ് വിവരം കിട്ടിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ: ട്രാൻസ്പോർട്ട് കോർപ്പറേഷൻ അടുത്തകാലത്ത് കടമെടുത്ത സംഖ്യയിൽനിന്ന് പുതിയ ചേസ്സിസ് വാങ്ങാൻ തുക നീക്കിവച്ചിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതിനു വേറെ ചോദ്യം ചോദിക്കണം.

Gherao

* 243 [875] **Shri S. P. Luiz**: Will the Labour Minister be pleased to state :

(*a*) have Government accepted Gherao as a lawful method for redressal of grievances of workers ;

(*b*) if so can Government servants also adopt this method to set right injustices done ;

(*c*) will the police also be permitted to adopt this method of Gherao for the redressal of their grievances ?

Labour Minister (**Shri Mathai Manjooran**) :

(*a*) Government have accepted all lawful and justiceable methods adopted by workers for the redressal of their grievances. Gherao which is wrongful cofinement is unlawful and is an offence under the I.P.C.

(*b*) and (*c*) does not arise.

Shri S. P. Luiz : The Hon. Minister said that Government have accepted lawful agitations. My question is very specific, has the Government accepted Gherao as a lawful method for redressal of grievances of workers ?

ഡെപ്യൂട്ടി സ്പീക്കർ: അതിനു മറുപടി പറഞ്ഞുകഴിഞ്ഞല്ലോ.

Shri S. P. Luiz : No, the question is, have Government accepted Gherao as a lawful method ?

ഡെപ്യൂട്ടി സ്പീക്കർ : ഘെരാവോ ഇല്ലീഗലാണെന്നു പറഞ്ഞുകഴിഞ്ഞു.

Shri Mathai Manjooran : It is the Indian Labour Conference which has decided that Gherao which amounts to a wrongful confinement is unlawful and is an offence.

ശ്രീ. കെ. എം. മാണി: 'അൺലാഫുൾ കൺഫൈൻമെൻറ്' അല്ലാത്ത ഘെരാവോ എതാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഒന്നു വിശദീകരിക്കുമോ ? അങ്ങനെ ഒരു ഘെരാവോ ഉണ്ടോ?

Shri Mathai Manjooran : I can only state my opinion.

ശ്രീ. കെ. കരുണാകരൻ : പല തൊഴിലാളി സമ്മേളനങ്ങളിലും ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി ചെന്ന്, ഘെരാവോ തൊഴിലാളികളുടെ ജൻമാവകാശമാണ്, ഏതു തരത്തിലുള്ള ഘെരാവോയും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള ആയുധമായി പ്രയോഗിക്കാം എന്നു തൊഴിലാളികളെ ആഹ്വാനം ചെയ്തിട്ടുണ്ടോ ; ആ ആഹ്വാനവും ഈ മറുപടിയുമായി ബന്ധമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly